പെരിയാർജലം സംബന്ധിച്ചു് ഉടമ്പടി.

* 19. [21] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർജലം സംബന്ധിച്ചു് സംസ്ഥാനസർവണ്മെൻറും (മുൻ തിരുവിതാംകൂർ സർവണ്മെൻറും) മദ്രാസ് സർവണ്മെൻറും തമ്മിൽ എന്തെങ്കിലും ഉടമ്പടിയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ ഉടമ്പടിയിലെ വ്യവസ്ഥകളെന്തെല്ലാം;

(സി) ആ ഉടമ്പടിയനുസരിച്ചു് പെരിയാർജലം എന്താവശ്യത്തിനുവേണ്ടിയാണു് വിനിയോഗിക്കേണ്ടതു്;

(ഡി) പെരിയാർജലം ഉപയോഗിച്ചു് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാൻ മദ്രാസ് സർവണ്മെൻറുമായി സംസ്ഥാനസർവണ്മെൻറ് എന്തെങ്കിലും ധാരണയിൽ എത്തിയിട്ടുണ്ടോ;

(ഇ) തിരുവിതാംകൂർ–കൊച്ചിയിലെ നദീജലം ഈ സംസ്ഥാനത്തിനും, മദ്രാസ് സംസ്ഥാനത്തിനും ഉപയോഗപ്രദമാക്കുവിധം ചില പദ്ധതികൾ ആരംഭിക്കുന്നതിനെപ്പറ്റി മദ്രാസ് സർവണ്മെൻറ പ്രതിനിധികളും, ഈ സർവണ്മെൻറ പ്രതിനിധികളും തമ്മിൽ എന്തെങ്കിലും ചർച്ച നടന്നിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിൻെറ വിശദരൂപം നൽകുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ വേലായുധൻ): സർ, ഈ ചോദ്യത്തിനു് ഇപ്പോൾ ഉത്തരം പറഞ്ഞുകഴിഞ്ഞതാണു്.

"പോലീസും തൊഴിലാളികളും" എന്ന ലേഖനം.

* 20. [22] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'പോലീസും തൊഴിലാളികളും' എന്ന പേരിൽ മി. ചി. എൻ. കൃഷ്ണപിള്ള എഴുതിയ ഒരു ലേഖനം 1955 ഏപ്രിൽമാസത്തിൽ തിരുവിതാംകൂർ-കൊച്ചി സർവണ്മെൻറിൻെറ ചെലവിൽ ഒരു ലഘുപുസ്തകമായി അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്യുകയുണ്ടായോ;

(ബി) ഈ ലേഖനം സർവണ്മെൻറിൻെറ നിർദ്ദേശം അനുസരിച്ചു് സംസ്ഥാനത്തെ ചില പത്രങ്ങൾക്കും പ്രസിദ്ധംചെയ്യുകയുണ്ടായോ;

(സി) ആരുടെ ഉത്തരവാദിത്വത്തിലും, നിർദ്ദേശത്തിലുമാണു് ഈ ലേഖനം സർക്കാരിൽനിന്നും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതു്;

(ഡി) ഈ ലേഖനത്തിൽ സോവിയറ്റ റഷ്യയെപ്പറ്റി തെറ്റിദ്ധാരണയുണ്ടാക്കുന്ന ചില പരാമർശങ്ങൾ ഉള്ളതായി സർവണ്മെൻറ് മനസ്സിലാക്കിയിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) പ്രസിദ്ധംചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാധാരണ പ്രസ്സ് റിലീസുകളും, പ്രസിദ്ധീകരണങ്ങളും പബ്ലിസിറ്റി ഡിപ്പാർട്ടുമെന്റിൽനിന്നും എല്ലാ പത്രങ്ങൾക്കും വിതരണംചെയ്യുന്നതുപോലെ ഇതും വിതരണംചെയ്തു. ചില പത്രങ്ങളും ഈ പ്രസിദ്ധീകരണം എടുക്കുകയുംചെയ്തു. യാതൊരു നിർദ്ദേശവും പത്രങ്ങൾക്ക് ഇക്കാര്യത്തിൽ ഗവണ്മെന്റ് നൽകിയിട്ടില്ല.

(സി) പബ്ലിസിറ്റി വകുപ്പിന്റെ ഉത്തരവാദിത്വത്തിൽ.

(ഡി) ഇല്ല.

ശ്രീ. ടി. എ. മജീദ്: ഗവണ്മെന്റിന്റെ നിർദ്ദേശം ഇല്ലാതെ പബ്ലിസിറ്റി ഡയറക്ടർ സ്വന്തംമനസ്സാലെ ചെയ്തതാണോ?

ശ്രീ. എ. ജെ. ജാൻ: ഗവണ്മെന്റ നിർദ്ദേശം അനുസരിച്ചാണ് പബ്ലിഷുചെയ്തത്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഗവണ്മെന്റ് ഇക്കാര്യത്തിൽ ഇങ്ങനെ ഒരു നിർദ്ദേശം നൽകിയതു് ഏതു ഉദ്ദേശത്തിന്മേലാണ്?

ശ്രീ. എ. ജെ. ജാൻ: മി. കൃഷ്ണപിള്ള ഇങ്ങനെ ഒരു പാംഫ്ലറ്റ് എഴുതിയിട്ടുണ്ടെന്നു് പൊതുജനങ്ങളെ അറിയിക്കുന്നതിനാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പൊതുജനങ്ങളെ അറിയിച്ചാൽ എന്തു പ്രയോജനമാണുണ്ടു്?

ശ്രീ. എ. ജെ. ജാൻ: ചില നല്ല സംഗതികളും അതിൽ വിവരിച്ചിട്ടുണ്ട്. അതു ലേബറേഴ്സ് അറിഞ്ഞിരിക്കട്ടെ എന്നു വിചാരിച്ചാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ലേബർ ഡിസ്പ്യൂട്ടിൽ പോലീസ് ഇടപെടരുതു് എന്നു പറഞ്ഞിരിക്കുന്നതു ശരിയാണോ?

ശ്രീ. എ. ജെ. ജാൻ: അതു ശരിയല്ലെന്നാണ് അതിൽ പറഞ്ഞിരിക്കുന്നതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇങ്ങനെയുള്ള സംഗതികളിൽ പോലീസ് ഇടപെടുന്നതായി ബോദ്ധ്യപ്പെടുത്തിയാൽ അതിന്മേൽ വേണ്ട നടപടി നടത്തുമോ?

ശ്രീ. എ. ജെ. ജാൻ: ലേബർ ഡിസ്പ്യൂട്ട് മാത്രമാണെങ്കിൽ പോലീസ് ഇടപെടുകയില്ല. അങ്ങനെ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അങ്ങിനെ പോലീസ് ഇടപെട്ടിട്ടുണ്ടെന്നു് ഏതെങ്കിലും മാർഗ്ഗത്തിലൂടെ വിധി കൊണ്ടുവന്നാൽ അതിന്മേൽ നടപടി എടുക്കുമോ?

ശ്രീ. എ. ജെ. ജാൻ: അതു് കേസിന്റെ സ്വഭാവം അനുസരിച്ചിരിക്കും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ചേട്ടൻ സിമന്റ് ഫാക്ടറിയിലെ പിരിഞ്ഞുപോക്കിൽ പോലീസ് ഇടപെട്ടിട്ടുള്ളതായി ജഡ്ജ്മെന്റിൽ പറയുന്നുണ്ട്, അതായതു് "It is unfortunate that the police have come

LIBRARY ARCHIVES Kerala Legislative Assembly

to the scene as the workers were in the right." ഇതനുസരിച്ചു ഗവണ്മെന്റ് നടപടി എടുക്കുമോ ?

ശ്രീ. എ. ജെ ജോൺ : കേസിന്റെ സ്വഭാവം അനുസരിച്ചായിരിക്കും എന്നു ഞാൻ പറഞ്ഞു കഴിഞ്ഞു.

ജലൈദ്യുത പദ്ധതികൾ.

* 21. [23] ശ്രീ. പി. ടി. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി തരുമോ :

(എ) അടുത്ത പഞ്ചവത്സരപദ്ധതിയിൽ സംസ്ഥാനത്തു് എത്ര പുതിയ വൈദ്യുതപദ്ധതികൾ പുതുതായി ആരംഭിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട് ;

(ബി) ഏതെല്ലാം ;

(സി) അതിലേയ്ക്ക് എന്തു തുക ചെലവു വരുമെന്നു കണക്കാക്കിട്ടുണ്ട് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ): (എ. ബി. സി.) താഴെ പറയുന്ന ജലൈദ്യുതപദ്ധതികൾ അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. പെരിങ്ങൽകുത്തു ലഫ്റ്റ് ബാങ്ക് സ്റ്റേഷനിൽ പുതുതായി ഒരു ജനറേറ്റിംഗ് സെറ്റ് സ്ഥാപിക്കുക.
2. നേര്യമംഗലം വൈദ്യുതപദ്ധതി.
3. പന്നിയാർ പദ്ധതി.
4. ഷോളയാർ പദ്ധതി.
5. പെരിങ്ങൽകുത്തു റൈറ്റ്ബാങ്ക് പദ്ധതി.
6. ലക്ഷ്മി പദ്ധതി.
7. പമ്പാ ജലവൈദ്യുതപദ്ധതി ഒന്നും, രണ്ടും സ്റ്റേജുകൾ.

ഈ പദ്ധതികൾക്ക് ആകെ ഏസ്റ്റിമേറ്റ് അൻപത്തിരണ്ടുകോടി അറുപത്തിലക്ഷം രൂപയെന്നു കണക്കാക്കിയിരിക്കുന്നു. ഇതിൽ എതാനും ഭാഗം രണ്ടാംപഞ്ചവത്സരപദ്ധതിയിൽ കൊള്ളിക്കണമെന്നാണുദ്ദേശിക്കുന്നതു്.

ശ്രീ. പി. എം. മത്തായി : പമ്പാ റിവർപദ്ധതി രണ്ടാംപഞ്ചവത്സരപദ്ധതിയുടെ കാലപരിധിയിൽ പൂർത്തിയാകുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : രണ്ടാംപഞ്ചവത്സരപദ്ധതിയിൽ അതിന്റെ പണിയാരംഭിക്കുമെന്നാണുദ്ദേശിക്കുന്നതു്.

ശ്രീ. എം. എം. മത്തായി : ഇടുക്കി പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നില്ലേ ?

ശ്രീ. കെ. ഐ. വേലായുധൻ : ഒരു പ്രാരംഭ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly